പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .6130

09.07.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.കെ.എം.ഷാജി<br>" പി.ബി.അബ്ദുൾ റസാക്<br>" കെ.എൻ.എ.ഖാദർ<br>" അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കടലിൽ മത്സ്യബന്ധനത്തിനു പോകുന്നവരുടെ സുരക്ഷയ്ക്ക് ഒരുക്കിയിട്ടുള്ള ആധുനിക സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) കടലിൽ മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷയ്ക്കായി കടൽ സുരക്ഷ എന്ന പദ്ധതിയിലൂടെ കടലിൽ അപകടമുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനത്തിന്റെയും സ്ഥാനം അറിയുന്നതിനായി സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, മത്സ്യബന്ധനത്തിന് പോകുമ്പോൾ ദിശ അറിയുന്നതിനായി ജി.പി.എസ്., പരസ്പര ആശയ വിനിമയത്തിനായി വി.എച്ച്.എഫ്. എന്നീ ഉപകരണങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പോലീസ് സൂപ്രണ്ടിന്റെ കീഴിൽ 60 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് 5 ഫിഷറീസ് സ്റ്റേഷനുകളിലായി വാടക ബോട്ടുകൾ രക്ഷാപ്രവർത്തനത്തിനു പയോഗിക്കുന്നു. ട്രോൾബാൻ കാലയളവിൽ 14 ബോട്ടുകളും 6 ഫൈബർ വള്ളങ്ങളും വാടക വ്യവസ്ഥയിൽ രക്ഷാപ്രവർത്തനം നടത്തിവരുന്നു. സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് ഐഡന്റിറ്റികാർഡ് വിതരണം ചെയ്തു വരുന്നു. മത്സ്യബന്ധന യാനങ്ങൾക്ക് യൂണിഫോം രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലൈസൻസും ഇതിന്റെ ഭാഗമായി നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി മത്സ്യബന്ധനത്തിലേർപ്പെടുന്നവരുമായി മുഴുവൻ സമയം ബന്ധപ്പെടാൻ കഴിയുന്ന തരത്തിൽ സമ്പൂർണ്ണ വയർലെസ് സംവിധാനമോ, മൊബൈൽ കണക്ടിവിറ്റി സംവിധാനമോ ഏർപ്പെടുത്താനായിട്ടുണ്ടോ; | (ബി) | മത്സ്യബന്ധനത്തിലേർപ്പെടുന്നവരുമായി മുഴുവൻ സമയം ബന്ധപ്പെടാൻ കഴിയുന്ന തരത്തിലുള്ള വി.എച്ച്.എഫ്. നെറ്റ് വർക്കിംഗ് സംവിധാനം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | കപ്പലുകളുമായുള്ള കൂട്ടിയിടി ഒഴിവാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | മത്സ്യബന്ധന യാനങ്ങൾ 12 നോട്ടിക്കൽ മൈലിനകത്തുകൂടി മാത്രമേ പോകാവൂ എന്നും കപ്പൽ ചാലുകളിൽ മത്സ്യബന്ധനം നടത്തരുതെന്നുമുള്ള നിർദ്ദേശം മത്സ്യത്തൊഴിലാളികൾക്ക് മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ വഴി നൽകിയിട്ടുണ്ട്. മത്സ്യബന്ധന ബോട്ടുകളെ തിരിച്ചറിയുന്നതിനായി നാവിഗേഷൻ/സിഗ്നൽ ഒന്നിനുമുകളിൽ ഒന്നായി ചുവപ്പും താഴെ വെള്ളയും വിളക്കുകൾ എല്ലാ ദിശയിലും കാണത്തക്ക വണ്ണം പ്രദർശിപ്പിക്കണമെന്നും, കളർകോഡിംഗ് നടത്തണമെന്നും മറ്റ് സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും കോസ്റ്റ്ഗാർഡ് വഴി ബോധവത്ക്കരണം നടത്തുന്നുണ്ട്. കൂടാതെ കടൽ സുരക്ഷയ്ക്കായി 300 ലക്ഷം രൂപ അടങ്കൽ വരുന്ന സംയോജിത കടൽ സുരക്ഷാ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. (14175/ബി3/12/മഫവ തീയതി 02.03.13 പ്രകാരം). |

സെക്ഷൻ ഓഫീസർ